## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *218** — **17.08.2017-ൽ മറുപടിയ്ക്ക്**

## പട്ടികഗോത്രവർഗ്ഗക്കാർക്കും പട്ടികജാതിക്കാർക്കുമായി ക്ഷേമപ്രവർത്തനങ്ങൾ


**ചോദ്യം**

ശ്രീ.യു. ആർ. പ്രദീപ്
ശ്രീ.സി.കൃഷ്ണൻ
ശ്രീ.സി. കെ. ശശീന്ദ്രൻ
ശ്രീ.കെ. ബാബു

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)


| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പട്ടികഗോത്രവർഗ്ഗക്കാർക്കും പട്ടികജാതിക്കാർക്കുമായി നടപ്പാക്കിയ പ്രധാന ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) | ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം പട്ടികജാതി വിദ്യാർത്ഥികളുടെ വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള തുക 25% വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 280 പട്ടികജാതി കോളനികളിൽ 196 കോളനികളുടെ വികസനത്തിനായി ഒന്നാം ഗഡുവായി 98 കോടി രൂപ അനുവദിച്ചു നൽകി. 2017-18-ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായുള്ള വാത്സല്യനിധി എന്ന പദ്ധതിയും, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതി, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ വർക്കിംഗ് വുമൺസ് ഹോസ്റ്റൽ, 6 കോർപ്പറേഷനുകളിൽ ആൺകുട്ടികൾക്കും, |

പെൺകുട്ടികൾക്കുമുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ എന്നീ പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്.

പട്ടികജാതിക്കാർക്കായി നടപ്പാക്കുന്ന പ്രധാന ക്ഷേമ പ്രവർത്തനങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കി വരുന്ന പ്രധാന ക്ഷേമപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- സമഗ്ര ആരോഗ്യ പദ്ധതി
- പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സഹായ പദ്ധതി
- പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി
- ഭവനരഹിതരായവർക്ക് ഭവന നിർമ്മാണ പദ്ധതി
- ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി
- സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി
- അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് ഗോത്ര സാരഥി

| | | | |
|---|---|---|---|
| | | | പദ്ധതി<br>• വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി സാമൂഹ്യ പഠനമുറി, ഗോത്രബന്ധു പദ്ധതികൾ<br>• പട്ടികവർഗ്ഗ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്രവാത്സല്യ നിധി പദ്ധതി<br>• തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനം<br>• പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി |
| ബി) | പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള ചികിത്സാ ധനസഹായത്തിന്റെ വിവരം നൽകുമോ; യഥാസമയം പണം നൽകുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 50,000/-രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി, രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപവരെ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകുന്നു.<br>ധനസഹായം അനുവദിച്ച് ഉത്തരവാകുന്ന |

| | | | |
|---|---|---|---|
| | | | അപേക്ഷകളിൽ യഥാസമയം പണം നൽകാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പിലാക്കി വരുന്ന ആരോഗ്യ സുരക്ഷാ പദ്ധതിക്ക് സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം 30.18 കോടി രൂപ അനുവദിച്ചു. വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികജാതി വകുപ്പിൽ 54.69 കോടിയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 79.59 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. |
| സി) | 2010 മാർച്ച് വരെയുള്ള കടം എഴുതിത്തള്ളുന്ന പദ്ധതിയുടെ പ്രയോജനം എത്രപേർക്ക് ലഭിച്ചുവെന്ന് അറിയിക്കാമോ; എത്ര തുക അനുവദിച്ചു; | സി) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളിൽ 31.03.2010-ന് തിരിച്ചടവ് പൂർത്തിയായ വായ്പകളിൽ മുതലും, പലിശയും ഉൾപ്പെടെ ഒരുലക്ഷം രൂപ വരെയുള്ള വായ്പ എഴുതി തള്ളുന്ന പദ്ധതി പ്രകാരം കോർപ്പറേഷന് നൽകിയ 5,66,04,000/- രൂപയിൽ നിന്നും 473 വായ്പകൾക്കായി 1,49,62,874/-രൂപയും, സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ച 132,87,60,000/- രൂപയിൽ നിന്നും 43136 വായ്പകൾക്കായി 82,98,57,064/-രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടന്നു വരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികജാതിക്കാരുടെ 69413 അപേക്ഷകൾ |

| | | | |
|---|---|---|---|
| | | | കെട്ടിക്കിടക്കുകയായിരുന്നു. അത്രയും അപേക്ഷകൾ തീർപ്പാക്കുവാൻ 88,53,64,000/- രൂപ 2016-17-ൽ അനുവദിച്ചു.<br>പട്ടികവർഗ്ഗക്കാർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാൽകൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01.04.2006 മുതൽ 31.03.2014 വരെ കുടിശ്ശികയായിട്ടുള്ളതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും അടക്കം എഴുതി തള്ളുന്ന പദ്ധതിക്കായി 39,52,41,000/-രൂപ പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. |
| ഡി) | പ്രാക്തന ഗോത്രവർഗ്ഗക്കാർക്കായും അതീവ ദുർബലരായ പട്ടികജാതിക്കാർക്കായും ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ? | ഡി) | പട്ടികജാതിക്കാരിൽ സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും ഏറെ പിന്നോക്കം നിൽക്കുന്ന നായാടി, വേടൻ, കള്ളാടി, ചക്ലിയൻ/അരുന്ധതിയാർ വിഭാഗങ്ങൾക്കായി ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. ടി വിഭാഗക്കാർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങി അതിൽ വീടു വയ്ക്കുന്ന പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനായി 3.75 ലക്ഷം രൂപയും വീട് നിർമ്മാണത്തിനായി 3.50 ലക്ഷം രൂപയും ചേർത്ത് 7.25 ലക്ഷം രൂപ ഒരൊറ്റ യൂണിറ്റായി അനുവദിക്കുന്നു. കൂടാതെ വീട് മെയിന്റനൻസ്, ടോയ്ലറ്റ്, പഠനോപകരണ വിതരണം എന്നിവയ്ക്കും ധനസഹായം അനുവദിക്കുന്നു. കുടിവെള്ളം, വൈദ്യുതീകരണം, ചുറ്റുമതിൽ |

നിർമ്മാണം, മണ്ണൊലിപ്പ് തടയൽ എന്നീ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പിലാക്കി വരുന്നു.

**<u>പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ വികസന പ്രവർത്തനങ്ങൾ</u>**

13-ാം ധനകാര്യ കമ്മീഷൻ പ്രാക്തന ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിനായി 2011-12 മുതൽ 2014-15 വരെ കാലയളവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 148 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന ലഭിച്ചിരുന്നു ഇതിൻപ്രകാരം 8101 കുടുംബങ്ങൾക്ക് 141.03 കോടി രൂപ വിനിയോഗിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

- ഭവനനിർമ്മാണം
- കുടിവെള്ളം
- വൈദ്യുതീകരണം
- മണ്ണുജല സംരക്ഷണ പദ്ധതികൾ
- റോഡ് നിർമ്മാണം
- ഭക്ഷ്യസുരക്ഷാ പദ്ധതി
- മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ.

കൂടാതെ കൺസർവേഷൻ കം ഡവലപ്മെന്റ് പ്ലാൻ (സി.സി.ഡി) പദ്ധതി വഴി ലഭിച്ച 12.10 കോടി രൂപ 2012-13 സാമ്പത്തിക വർഷത്തിൽ ലഭിച്ചതിൽ ഭവനം, വിദ്യാഭ്യാസം,

| | | | |
|---|---|---|---|
| | | | ആരോഗ്യം, കുടിവെള്ളം, മുതലായ പദ്ധതികളിലൂടെ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി മുഴുവൻ തുകയും ചെലവഴിച്ച് വിവിധ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>2017-18 സാമ്പത്തികവർഷത്തിൽ നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 4 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |

Haripriya
സെക്ഷൻ ഓഫീസർ

## അനുബന്ധം I

പട്ടികജാതിക്കാർക്കായി നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ:

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി

2. ഭവനരഹിതർക്ക് ഭവനം

3. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ

4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്

5) മരാമത്തും, കെട്ടിടവും

6) പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും, ഇ-ഗവേണൻസ് സംരംഭങ്ങളും

7) പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി

8) പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം

9) പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

10) വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്

11) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം

12) തൊഴിലിനും പരിശീലനത്തിനും മാനവ വിഭവ ശേഷി വികസനത്തിനുമുള്ള സഹായം

13) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി (51% സംസ്ഥാന വിഹിതം)

14) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% സംസ്ഥാന വിഹിതം)

15) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാ ക്കുന്ന പരിപാടികൾ, പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി എസ്.സി.പി.
    a) പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക്കളിക്കോപ്പുകളും, പഠന സാമഗ്രഹികളും വാങ്ങുന്നതിനും, അധ്യാപകർക്ക് honorarium നൽകുന്നതിനുമുള്ള പദ്ധതി.
    b) ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നതിനുള്ള പദ്ധതി
    c) പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി

16) പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം

    കൂടാതെ താഴെ പറയുന്ന 100%, 50% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതി കൾ വകുപ്പ് നടപ്പിലാക്കി വരുന്നു.
    a) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക്സ്കോളർഷിപ്പ് (100%)
    b) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ (100%)
    c) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)

d) വ്യത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (100%)

e) 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)

f) പ്രധാനമന്ത്രി ആവാസ് യോജ്ന പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

g) എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

h) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം

i) പൗരവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)

കൂടാതെ പഠനമുറി, വാത്സല്യനിധി, എല്ലാ ജില്ലകളിലും വർക്കിംഗ് വുമൺസ് ഹോസ്റ്റൽ, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നീ പുതിയ പദ്ധതികൾ ഈ സർക്കാർ 2017-18 ൽ ആവിഷ്കരിച്ചിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

**അനുബന്ധം II**

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. ടി പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- എ.പി.എൽ/ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10,000/- രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു.
- ബി.പി.എൽ വിഭാഗത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു.
    - സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ.
    - സർക്കാർ മെഡിക്കൽ കോളേജുകൾ
    - കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ്
    - തിരുവനന്തപുരം ജില്ലയിലെ ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
    - റീജിയണൽ ക്യാൻസർ സെന്റർ
    - ശ്രീ.അവിട്ടം തിരുനാൾ ആശുപത്രി
    - റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി
- ചികിത്സാ ചെലവ് 50,000/-രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതിയോടെ ചികിത്സാ ചെലവ് അനുവദിക്കുന്നു.
- ആശുപത്രിയിൽ സൗജന്യമായി നൽകാൻ ഇല്ലാത്ത മരുന്നുകൾ ആശുപത്രിയുടെ അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്.

...2

- ആശുപത്രിയോട് അനുബന്ധിച്ചുള്ള ഹോസ്പിറ്റൽ വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്.
- ആശുപത്രിയിൽ നിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ.
- സർക്കാർ ആശുപത്രികൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്.
- രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടി വരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്.
- രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നിതിനും അവശരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീട്ടുകളിൽ എത്തിക്കുന്നതിനും മരണമടഞ്ഞവരുടെ മൃതദേഹം വീട്ടുകളിൽ എത്തിക്കുന്നതിനും യഥാർത്ഥ ആംബുലൻസ്/വാഹന വാടക.
- ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യ ഭക്ഷണം ലഭ്യമല്ലാത്ത അവസരങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 രൂപ വരെയുള്ള ചെലവ്.
- ആശുപത്രികളിൽ രോഗികളായവരുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200 രൂപ വരെയുള്ള ചെലവ് എന്നിവ ഈ പദ്ധതി പ്രകാരം അനുവദിച്ചു നൽകുന്നു.
- കൂടാതെ വകുപ്പ് ഡയറക്ടറുടെ അധികാര പരിധിയിൽ നിന്നും 25,000/-രൂപ വരെയും പ്രോജക്ട് ഓഫീസർമാർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന 5,000/- രൂപ വരെയും ചികിത്സാ ധനസഹായം അനുവദിക്കുന്നു.

അനുവദിക്കുന്ന തുക യഥാസമയം നൽകുന്നതിനുള്ള നടപടിസ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ